(സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ, വിപ്രോയുടെ സാങ്കേതിക സഹകരണത്തോടുകൂടി സി.ബി.എസ്. (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തിയിട്ടുണ്ട്. മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇൻഫോസിസ് അടക്കമുള്ള വിവിധ ഏജൻസികളുടെ സഹകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ചില അർബൻ ബാങ്കുകളിൽ എൻ.എ.എഫ്.സി. യു.ബി.-യുടെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കിവരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും സർവ്വീസ് സഹകരണ ബാങ്കുകളിലും ഒരു ഏകീകൃത രൂപം ഉണ്ടാക്കുന്നതിന്റെ ഭാഗമായി രൂപരേഖ തയ്യാറാക്കി വരുന്നു.

(ഡി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ഹെഡ്ഡാഫീസുകളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് അതിനു വേണ്ടുന്ന പരിശീലനം നൽകുന്നതിനും ബാങ്കുകൾ നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളിലൂടെ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ ഡയറക്ടർമാരുടെ മക്കളുടെ നിയമനം

84 (4075) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിലവിലുള്ള നിയമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാരുടെ മക്കളെ അവരവർ ഡയറക്ടറായ സഹകരണ ബാങ്കുകളിൽ ജീവനക്കാരായി നിയമിക്കാൻ വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ വളാഞ്ചേരി സഹകരണ ബാങ്കിൽ ഏതെങ്കിലും ഭരണ സമിതി അംഗങ്ങളുടെ മക്കളെ ജീവനക്കാരായി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ നിജസ്ഥിതി രേഖാമൂലം ലഭ്യമാക്കാമോ;

(ഇ) ഇത്തരമൊരു നിയമനം മേൽ ബാങ്കിൽ നടന്നുവെന്നുള്ളത് വസ്തുതാപരമാണെങ്കിൽ ഡയറക്ടർ സ്ഥാനത്ത് നിന്ന്, നിയമനം ലഭിച്ച ജീവനക്കാരന്റെ പിതാവിനെ അയോഗ്യനാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സഹകരണ ബാങ്കുകളിൽ നിലവിലുള്ള നിയമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാരുടെ മക്കളെ അവരവർ ഡയറക്ടറായ സഹകരണ ബാങ്കുകളിൽ ജീവനക്കാരായി നിയമിക്കാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) മലപ്പുറം ജില്ലയിലെ വളാഞ്ചേരി സഹകരണ ബാങ്കിൽ ഭരണസമിതി അംഗമായ ശ്രീ. മുഹമ്മദ് അലി എന്ന ആളുടെ മകളായ ശ്രീമതി ഷംസീന എന്ന ആളെ ജീവനക്കാരിയായി നിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലെ 19-7-2012-ലെ 8(4) നമ്പർ ഭരണസമിതി തീരുമാനപ്രകാരം ബാങ്കിൽ 4 ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിനോട് അപേക്ഷിക്കുവാൻ ബാങ്ക് ഭരണ സമിതി തീരുമാനമെടുത്ത് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് 22-4-2013-ന് സി.എസ്.ഇ.ബി./എക്സാം/24/13 നമ്പരായി വിജ്ഞാപനം പുറപ്പെടുവിക്കുകയും 29-9-2013-ന് എഴുത്ത് പരീക്ഷ നടത്തുകയും, 37 പേരടങ്ങുന്ന ലിസ്റ്റ് ഇന്റർവ്യൂ നടത്തുന്നതിന് 13-11-2013-ലെ സി.എസ്.ഇ.ബി./ജെ.സി./27/13 നമ്പർ കത്ത് പ്രകാരം ബാങ്കിന് നൽകിയിരുന്നു. 21-12-2013-ന് രാവിലെ 11 മണിക്ക് ബാങ്ക് ഹെഡ്ഡാഫീസിൽവച്ച് ഇന്റർവ്യൂ നടത്തുന്നതിനും ആയതിനായി 5 പേരടങ്ങുന്ന ഉപസമിതിയെ നിയമിക്കുന്നതിനും 3-12-2013-ലെ ഭരണസമിതി 8(7)പ്രകാരം തീരുമാനിച്ചിരുന്നു. ശ്രീമതി ഷംസീനയുടെ പിതാവായ ശ്രീ. മുഹമ്മദ് അലി എന്ന ഭരണസമിതി അംഗവും പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നു. 26 ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിന് ഹാജരാവുകയും 8-12-2013-ന് ചേർന്ന ഭരണസമിതി യോഗത്തിൽ ഇന്റർവ്യൂ മാർക്ക് അംഗീകരിച്ച് ടി പട്ടിക 2-1-2014-ന് സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിന് അയച്ച് കൊടുക്കുകയും ചെയ്തിരുന്നു. ശ്രീമതി ഷംസീന. എൻ എന്ന ഉദ്യോഗാർത്ഥിക്ക് ഇൻറർവ്യൂവിന് നൽകാവുന്ന പരമാവധി മാർക്ക് നൽകിയിട്ടുണ്ട്. സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് 3-2-2014-ന് സി.എസ്.ഇ. ബി./ജെ.സി./27/13 നമ്പർ കത്ത് പ്രകാരം കൺസോളിഡേറ്റഡ് ഫൈനൽ മാർക്ക് ലിസ്റ്റ് ബാങ്കിന് നൽകുകയും ചെയ്തിരുന്നു. 11-2-2014-ലെ 7(20) ഭരണസമിതി തീരുമാന പ്രകാരം റാങ്ക് ലിസ്റ്റ് ബാങ്ക് അംഗീകരിച്ച് സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിന് നൽകുകയും ചെയ്തു. 20-2-2014-ന് സി.എസ്.ഇ.ബി./റാങ്ക് ലിസ്റ്റ് ജെ.സി./13 പ്രകാരം സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് റാങ്ക് ലിസ്റ്റ് അംഗീകരിച്ച് ബാങ്കിന് നൽകിയിരുന്നു. ടി. റാങ്ക് ലിസ്റ്റിലെ രണ്ടാം നമ്പരുകാരിയായ ശ്രീമതി എൻ. ഷംസീനയ്ക്ക് 11-3-2014-ന് നിയമന ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ 17-3-2014-ന് ജൂനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. ശ്രീമതി എൻ. ഷംസീന നിലവിൽ ബാങ്കിന്റെ തൊഴുവന്താർ ശാഖയിൽ ജോലി ചെയ്തു വരികയാണ്. ശ്രീമതി എൻ. ഷംസീനയുടെ പിതാവ് 28-6-2010-ന് ചാർജ്ജെടുത്ത ഭരണസമിതി അംഗമാണ്. മേൽ നിയമനത്തിന് നടപടിക്രമങ്ങൾ സ്വീകരിച്ച സമയത്തും ടിയാൻ ടി ബാങ്കിലെ ഭരണസമിതി അംഗമായിരുന്നു. നിലവിലും ശ്രീ. മുഹമ്മദ് അലി വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലെ ഭരണസമിതി അംഗവും, ടിയാന്റെ മകൾ ടി ബാങ്കിലെ ജീവനക്കാരിയുമാണ്.

(ഇ) അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly